ആയിരംതെങ്ങ് മത്സ്യഗവേഷണകേന്ദ്രം.

300. [8] ശ്രീമതി കെ. ഓ. ഐഷാബായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരംതെങ്ങു് മത്സ്യഗവേഷണകേന്ദ്രം ആരംഭിച്ചതെന്നാണു്;

(ബി) ഇതു് നിറുത്തലാക്കുവാൻ ആലോചിക്കുന്നുണ്ടോ ;

(സി) നിറുത്തലാക്കരുതെന്നുകാണിച്ചു് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം.

(എ) 1947–ൽ.

(ബി) ഈ കേന്ദ്രം കേരള യൂണിവേഴ്സിറ്റിയുടെ കീഴിലാണു്. അതു നിർത്തലാക്കണമെന്നു് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ ഒരു കമ്മിറ്റി ശുപാർശ ചെയ്തിരുന്നതു് സിൻഡിക്കേറ്റു് അംഗീകരിച്ചിട്ടുണ്ടു്.

(സി) ലഭിച്ചിട്ടുണ്ടു്.

(ഡി) അതിനെപ്പറ്റി തീരുമാനമെടുക്കേണ്ടതു് യൂണിവേഴ്സിറ്റിയാണു്. ഗവണ്മെൻറിനു് ലഭിച്ച നിവേദനം യൂണിവേഴ്സിറ്റിക്കു് അയച്ചുകൊടുത്തിട്ടുണ്ടു്.

അസോസിയേഷനിൽനിന്നും നിവേദനം.

301. [9] ശ്രീ. ടി എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സോയിൽ കൺസർവേഷൻ സ്റ്റാഫു് അസോസിയേഷൻ പ്രസിഡൻറിൽനിന്നും സോയിൽ കൺസർവേഷൻ പ്രസിഡൻറിൽനിന്നും സോയിൽ കൺസർവേഷൻ ഓവർസിയേഴ്സിനെ സോയിൽ കൺസർവേഷൻ അസിസ്റ്റൻറുകളായി പ്രമോട്ടു ചെയ്യണമെന്നുകാണിച്ചു് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എന്നൊക്കെ, എത്രയെണ്ണം, അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(സി) ലാൻറ്റഡവലപ്പുമെൻറു ബോർഡിൽനിന്നും മൂന്നുകൊല്ലത്തെ സർവ്വീസുള്ള ഓവർസീയർമാരെ സോയിൽ കൺസർവേഷൻ അസിസ്റ്റൻറുകളായി നിയമിക്കണമെന്നു കാണിച്ചു് ശുപാർശ ചെയ്യുകയുണ്ടായോ ;

(ഡി) ഉണ്ടെങ്കിൽ ആ ശുപാർശയെപ്പറ്റി എന്തു തീരുമാനം ചെയ്തു ;

(ഈ) സയൻസു് ഗ്രാഡുവേറ്റുകളുടെ മൂന്നുകൊല്ലത്തെ സർവ്വീസും സോയിൽ കൺസർവേഷൻ ടെയിനിങ്ങുമുള്ള ഓവർസീയേഴ്സിനെ അസിസ്റ്റൻറുകളായി പ്രമോട്ടു ചെയ്യുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) രണ്ടെണ്ണം, അസോസിയേഷൻറെ സെക്രട്ടറിയിൽനിന്നും 20–7–1962–ൽ ഒരു നിവേദനം ലഭിച്ചു. അതു പരിഗണിച്ചശേഷം 16–8–1962–ൽ മറുപടി കൊടുത്തു. 23–9–1963–ൽ പ്രസിഡൻറിൽനിന്നും ഒരു നിവേദനം ലഭിച്ചു. 30–10–1963–ൽ അതിനും മറുപടി കൊടുത്തിട്ടുണ്ടു്.

(സി) ചെയ്തിട്ടുണ്ടു്.

(ഡി) അതു പരിഗണനയിലിരിക്കുകയാണു്.

(ഈ) ഈ കാര്യം പരിഗണനയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly